The Heavenly Light Ministry

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവമെന്നെ നടത്തി
ഒന്നുമില്ലായ്കയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു

ഹാഗാറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെ ഞാനലഞ്ഞപ്പോൾ (2)
മരുഭൂമിയിലെനിക്കു ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു (2) ഇത്ര

ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാടും വീടും വിട്ടു ഞാൻ അലഞ്ഞപ്പോൾ (2)
സ്വന്തനാട്ടിൽ ചേർത്തുകൊള്ളാമെന്നുരച്ച നാഥനെ
ഇത്രത്തോളം യഹോവ സഹായിച്ചു (2) ഇത്ര

കണ്ണുനീരും ദുഃഖവും നിരാശയും
പൂർണ്ണമായ് മാറിടും ദിനം വരും (2)
അന്നുപാടും ദൂതർ മദ്ധ്യേ ആർത്തുപാടും ശുദ്ധരും
ഇത്രത്തോളം യഹോവ സഹായിച്ചു (2) ഇത്ര